# മാരാമൺ കൺവൻഷൻ 2023

# മാരാമൺ സന്ദേശം

പ്രതിദിന വാർത്താ പത്രിക

Published by: Malabar Mar Thoma Syrian Christian Evangelistic Association

2023 ഫെബ്രുവരി 13 തിങ്കൾ


### മാരാമൺ സന്ദേശം – തിങ്കൾ – പ്രഭാത യോഗം

## വിശുദ്ധ കുർബ്ബാന; നവലോകത്തെ സൃഷ്ടിക്കുന്ന ദൈവീക പദ്ധതി


**അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ**


1.കൊരിന്ത്യർ 11: 23

ക്രിസ്തീയ വിശ്വാസത്തിന്റെ അന്തസ്സാര വിശുദ്ധ കുർബ്ബാനയാണ്. ക്രിസ്തീയ ജീവിതത്തിന്റെ വ്യാകരണം വ്യക്തമാക്കുന്നത് വിശുദ്ധ കുർബ്ബനയിലാണ്. വിശുദ്ധ കുർബ്ബാനയിൽ വ്യക്തമായി മനസ്സിലാക്കേണ്ടത് "ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവീൻ" എന്നതാണ്. എന്താണ് ചെയ്യേണ്ടത്? കുർബ്ബാന കാണുന്നതിലോ, ചൊല്ലുന്നതിലോ ചുരുങ്ങുന്നതല്ല. വിശുദ്ധ കുർബ്ബാന കൈക്കൊണ്ട്, വിശുദ്ധ കുർബ്ബാനയാകുമ്പോൾ മാത്രമെ രക്ഷയുടെ സാദ്ധ്യതയുള്ളു. യേശു പറയുന്നു, ഞാൻ ജീവന്റെ അപ്പമാണ്. അപ്പം ജീവനു വേണ്ടിയുള്ളതാണ്. ഊർജ്ജവുമാണ്. അങ്ങനെയെങ്കിൽ വിശുദ്ധ കുർബ്ബാന നമ്മെ ജീവന്റെ അനുഭവത്തെ പകരുന്നവരാകുവാൻ സഹായിക്കുന്നതാണ്. നാം വിശുദ്ധ കുർബ്ബാന കൈക്കൊള്ളുമ്പോൾ, സ്വീകരിക്കുമ്പോൾ അതിന്റെ ഉപഭോക്താവ് ആരാണ്. അത് നാം തന്നെയാകുന്നുവെന്നതാണെങ്കിൽ നാം നമ്മിലേക്ക് തന്നെ ചെറുതാകുന്നു എന്നതിനെ സൂചിപ്പിക്കുകയും, വിശുദ്ധ കുർബ്ബാനയെ തെറ്റായി മനസ്സിലാക്കുന്നുവെന്ന് വ്യക്തമാകുകയും ചെയ്യുന്നു. വിശുദ്ധ കുർബ്ബാന സ്വീകരിക്കുന്നതിലൂടെ നാം നേടിയെടുക്കുന്ന ഊർജ്ജം എല്ലാവർക്കും വേണ്ടിയിട്ടുള്ള ഊർജ്ജമായി തീരണം. രക്ഷാപദ്ധതിയുടെ പങ്കുവെയ്ക്കൽ അവിടെയാണ് സാദ്ധ്യമാകുന്നത്. ഇത് എന്റെ ശരീരമെന്ന് കർത്താവ് പറയുമ്പോൾ ആ ശരീരം മുറിക്കപ്പെട്ടതാണ് അപരന്റെ കൃപയുടെ സാദ്ധ്യതകളെ പങ്കു വെച്ചതാണ് ക്രിസ്തുവിന്റെ ശരീരം. കുരിശ്ശിൽ തൂക്കപ്പെട്ട ശരീരം, വിരിക്കപ്പെട്ട കൈ എല്ലാം ജീവിതങ്ങളോട് ചേർന്നതാണ്. നന്മ ചെയ്ത്, നന്മയാൽ മുറിക്കപ്പെടുന്ന വിധം വിസ്തീർണ്ണമായി തുറക്കപ്പെട്ട യേശുവിന്റെ കൈകൾ നമ്മുടെ കുർബ്ബാന അനുഭവത്തിന്റെയും ശുശ്രൂഷയുടെയും മാതൃകയാകണം. നമ്മുടെ കരങ്ങൾ ജീവിതത്തിന് സാദ്ധ്യതയില്ലാത്ത ജീവിതങ്ങളെ ഉയർത്തെഴുന്നേൽപ്പിക്കുന്ന കരങ്ങളാകണം. ക്രിസ്തു ചൊരിഞ്ഞ രക്തം ജീവദായകമാണ് എന്ന സത്യത്തെ മനസ്സിലാക്കുമ്പോൾ നാം ഓർക്കേണ്ടത് ജീവ ദായകമായ ജീവിത ശൈലി ക്രിസ്തു നമ്മെ ഏൽപ്പിച്ചിരിക്കുന്നുവെന്നതിനെയാണ്. വിശുദ്ധ കുർബ്ബാന ക്രമീകൃതമാണ്. നാം ഉൾപ്പെടുന്ന സഭയും, സമൂഹവും പങ്കിടുന്ന സമൂഹമായി വളരണം. ആയതിലൂടെ വിശുദ്ധ കുർബ്ബാന, സകല സൃഷ്ടിക്കും രക്ഷാകരമായി തീരും. കുർബ്ബാനയായവൻ നമ്മെ ഓർമ്മിപ്പിക്കുന്നത് നാം ഓരോരുത്തരും കുർബ്ബാനയാണെന്നുള്ളതാണ്.



*128 – ാമത് മാരാമൺ കൺവൻഷന്റെ തിങ്കളാഴ്ചത്തെ പ്രഭാത യോഗത്തിൽ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ വചന സന്ദേശം നൽകുന്നു*

നമ്മുടെ മേലുള്ള ദൈവത്തിന്റെ പ്രതീക്ഷകളെ നമ്മുടെ ഭൗതീകതയുടെ താത്പര്യങ്ങൾ ഇല്ലാതെയാക്കുന്നു. ദ്രവ്യാനുഗ്രഹം നമുക്ക് വേണ്ട പങ്കിടലിന്റെ ബോദ്ധ്യത്തെ നഷ്ടപ്പെടുത്തുന്നു. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ വർദ്ധിക്കുന്നത് അസന്തുലിതാവസ്ഥയാണ്. ഈ അസുന്തലിതാവസ്ഥ സൃഷ്ടിക്കുന്നത് അവഗണിക്കപ്പെട്ട ജീവിതങ്ങളെയാണ്. ഈ സാഹചര്യങ്ങളെയും, ജീവിതങ്ങളെയും പരിഗണിക്കാത്തവർക്ക് ക്രിസ്തുവുമായി യാതൊരു ബന്ധവുമില്ലെന്നുള്ള സത്യം നാം മനസ്സിലാക്കണം. നിക്കോളാസ് ബോർഡൈൻ എന്ന റഷ്യൻ കമ്മ്യൂണിസ്റ്റായി, പിന്നീട് ദൈവശാസ്ത്രജ്ഞനായ വ്യക്തി ഇപ്രകാരം പറയുന്നു. "എന്റെ അപ്പത്തിനു വേണ്ടിയുള്ള എന്റെ അന്വേഷണം ഭൗതീക കാര്യമാണ്, എന്റെ സഹോദരന്റെ അപ്പത്തിനു വേണ്ടിയുള്ള എന്റെ അന്വേഷണം ആത്മീക കാര്യമാണ്." വിശുദ്ധ കുർബ്ബാന നമ്മോട് ആവശ്യപ്പെടുന്നത് സാമൂഹിക ക്രമങ്ങളിലെ അസമത്വങ്ങളെ ഉടച്ചുവാർക്കണമെന്നതാണ്. അങ്ങനെയെങ്കിൽ വിശുദ്ധ കുർബ്ബാന ഒരു പോരാട്ടമാണ്. നമ്മുടെ ജീവിതം കുർബ്ബാനയാകണം. നവലോകത്തെ സൃഷ്ടിക്കുന്നതാകണം. വിശുദ്ധ കുർബ്ബാനയാണ് ഏറ്റവും വലിയ വിപ്ലവം ഈ വലിയ അനുഭവത്തെ നമ്മുടെ ജീവിതങ്ങളിലേക്കും ഭവനങ്ങളിലേക്കും സഭയിലേക്കും സ്വീകരിക്കാം. നാം ജീവിക്കുന്ന നാളുകളിൽ കൂദാശയുടെ അനുഭവം പകരുവാൻ സാധിക്കണം. കൃപയുടെ വാഹകരായി തീരാം, അതിലൂടെ നവലോകത്തെ സൃഷ്ടിക്കാം. നമുക്ക് പുതിയ വർഷം കുർബ്ബാന വർഷമായി വേർതിരിക്കാം.


*തയ്യാറാക്കിയത് :*
*റിജോ എബ്രഹാം ചെറിയാൻ &*
*ക്രിസ്റ്റി കെ സന്തോഷ്*
*(മാർത്തോമ്മ വൈദീക സെമിനാരി)*


### കൺവൻഷന്റെ തത്സമയ വിശേഷങ്ങളുമായി

**maramonconventiononline.com**

മാരാമൺ : ഈ വർഷം മുതൽ കൺവൻഷന്റെ വിപുലമായ വിശേഷങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന് മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഓരോ ദിവസത്തെയും വിശദാംശങ്ങളും വിശേഷങ്ങളും കൂടാതെ കൺവൻഷന്റെ വിവിധ സെഷനുകളുടെ വിശദാംശങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി maramonconventiononline.com എന്ന ഓൺലൈൻ ന്യൂസ് പോർട്ടൽ സുവിശേഷ പ്രസംഗ സംഘം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഈ പേജിൽ കൺവൻഷന്റെ തത്സമയ സംപ്രേഷണവും ഒരുക്കിയിട്ടുണ്ട്. സംഘത്തിന്റെ മാനേജിംഗ് കമ്മറ്റി അംഗങ്ങളായ അഡ്വ. ജേക്കബ്ബ് ജോൺ കരിക്കം, അജി അലക്സ് എന്നിവരുടെ നേതൃത്വത്തിലാണ് ഓൺലൈൻ ന്യൂസ് പോർട്ടൽ പ്രവർത്തിക്കുന്നത്.

**എഡിറ്റോറിയൽ കോർഡിനേറ്റേഴ്സ്**
അഡ്വ.ജേക്കബ്ബ് ജോൺ കരിക്കം
അജി അലക്സ്
**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**
റവ.ജിജി മാത്യൂസ്
പ്രൊഫ.ഡോ.അജിത് വർഗ്ഗീസ് ജോർജ്ജ്
റവ.സജി പി സൈമൺ
ജേക്കബ്ബ് ശാമുവേൽ
പി.പി.അച്ചൻകുഞ്ഞ്
പി.കെ.കുരുവിള
തോമസ് കോശി
ജോസ് പി വയയ്ക്കൽ
ലറ്റീഷ്യ തോമസ്
സജി എം ജോർജ്
**ഡിസൈൻ & ലേ ഔട്ട്**
അരുൺ കുംബ്ലോലിൽ
ഷിജു ചുനക്കര
മോബിൻ കെ മോനിച്ചൻ

**മാരാമൺ കൺവൻഷൻ പാട്ടു പുസ്തകങ്ങൾ (മലയാളം & ഇംഗ്ലീഷ് ട്രാൻസ്ലിറ്ററേറ്റഡ്) 20 രൂപയ്ക്ക് മണൽപ്പുറത്ത് ലഭ്യമാണ്.**

**കൺവൻഷൻ പാട്ടുകളുടെ സി.ഡി 100 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്.**

**കൺവൻഷൻ പാട്ടുകളുടെ പെൻഡ്രൈവ് 400 രൂപയ്ക്ക് യുവജനസഖ്യം സ്റ്റാളുകളിൽ ലഭ്യമാണ്**

## മാരാമണ്ണിൽ നാളെ

**14.02.2023**
രാവിലെ 07.30 മുതൽ 08.30
**കുട്ടികളുടെ യോഗം** -
കുട്ടിപ്പന്തലിൽ- സി.എസ്.എസ്.എം
ബൈബിൾ ക്ലാസ്സ് -
**റവ.ഷിബി വർഗ്ഗീസ് പി**
09.30 മുതൽ പൊതുയോഗം
അദ്ധ്യക്ഷൻ : -
**ഡോ.തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ**
വചന ശുശ്രൂഷ : -
**ഡോ.ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പ**
ഉച്ചയ്ക്ക് 02.30 മുതൽ
**കുടുംബവേദി**
സന്ദേശം : **ജോർജ്ജ് ബഹനാൻ**
മാവേലിക്കര
വൈകുന്നേരം 05.00 മുതൽ
പൊതുയോഗം
അദ്ധ്യക്ഷൻ :-
**അഭി.തോമസ് മാർ തിമഥിയോസ് എപ്പിസ്കോപ്പ**
വചന ശുശ്രൂഷ :-
**അഭി.സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്ത**

ബൈബിൾ സ്റ്റഡി :

# സംവാദം തുടങ്ങി വെയ്ക്കുന്ന സമ്പർക്കം

## റവ.ഷിബി വർഗ്ഗീസ്.പി



*128-ാമത് മാരാമൺ കൺവൻഷനിൽ തിങ്കളാഴ്ച നടന്ന ബൈബിൾ ക്ലാസ്സിൽ റവ.ഷിബി വർഗ്ഗീസ്.പി സംസാരിക്കുന്നു.*

***വി.യോഹന്നാൻ 4-ാം അദ്ധ്യായം***

ദൈവം വെളിച്ചമാണെന്ന് ഉദ്ഘോഷിക്കുന്ന സുവിശേഷമാണ് യോഹന്നാന്റെ സുവിശേഷം. ഈ സുവിശേഷം ജീവനാണ്. വെളിച്ചവും ജീവനും സമന്വയിക്കുന്നത് സ്നേഹത്തിലാണ്. അതുകൊണ്ട് വെളിച്ചവും ജീവനും സംഭാഷണത്തിന്റെ സുവിശേഷം കൂടിയാണ്.

യേശുക്രിസ്തു അഞ്ചു കൂട്ടം ആളുകളോട് സംഭാഷണത്തിൽ ഏർപ്പെടുന്നതായി യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്നു. ഈ സംഭാഷണങ്ങളിലൂടെയാണ് നമ്മൾ വേദ പഠനത്തിനായി യാത്ര ചെയ്യുന്നത്. ഈ സംഭാഷണങ്ങൾ എല്ലാം തന്നെ ക്രിസ്തു എന്താണ് പറയുന്നതെന്ന് വ്യക്തമാക്കി തരുന്നു. യേശു സംവാദത്തിൽ ഏർപ്പെടുന്ന സമൂഹം, കൂട്ടം, അത് സുപ്രധാനമായ കാര്യങ്ങളെ നമുക്ക് മുന്നിൽ വെയ്ക്കുന്നു.

**1. യഹൂദ മത മേധാവികൾ :-** യഹൂദ മത നേതൃത്വത്തിന്റെ ആശയങ്ങളോടും പഠിപ്പിക്കലുകളോടും, യേശു സ്വീകരിക്കുന്ന നയം വെറുപ്പിന്റേതല്ല. തിരുത്തൽ ശബ്ദമായി യേശുവിന്റെ സംഭാഷണം അവരുടെ ഇടയിൽ സംഭവിക്കുകയാണ്. മതരാഷ്ട്ര സ്വപ്നം കണ്ട യഹൂദരുടെ ഇടയിലാണ് യേശു തന്റെ ഹൃദയപൂർവ്വമായ ഇടപെടൽ നടത്തുന്നത്.

**2. വിജ്ഞാന കുതികികളായ യവനക്കാരോടുള്ള സംഭാഷണം :-** പ്രതീകങ്ങളും അതിന് അനുസൃതമായ ആശയങ്ങളും ഉപയോഗിച്ച് യവനന്മാർക്ക് യേശു തന്റെ സംഭാഷണത്തിലൂടെ ദൈവ സ്നേഹത്തിൽ അടിസ്ഥാനപ്പെട്ട് പുതു നിർവ്വചനം നൽകി.

**3. റോമൻ സിംഹാസനത്തോടുള്ള സംവാദം :-** ഇവിടെ നടത്തുന്ന സംവാദങ്ങൾ വ്യക്തമാക്കുന്നത് റോമൻ സിംഹാസനത്തിന്റെ രാഷ്ട്ര സ്വപ്നമല്ല, യേശുവിന്റേത് എന്നാണ്.

**4. പുരുഷാരത്തോടുള്ള സംവാദം :-** യേശു കണ്ടതും, യേശുവിനെ അനുഗമിച്ചതുമായ വ്യത്യസ്തമായ ജീവിതങ്ങൾക്ക് യേശു തന്റെ സംഭാഷണങ്ങളിലൂടെ വിശ്വാസത്തിന്റെ ശരിയായ കാഴ്ച പകർന്നു കൊടുത്തു.

**5. ശിഷ്യ സമൂഹത്തോടുള്ള സംവാദം :-** യേശുവിന്റെ സംവാദത്തിന്റെ മർമ്മങ്ങൾ മനസ്സിലാക്കിയവരാണ് ശിഷ്യ സമൂഹം. ക്രിസ്തു തന്റെ നിയോഗങ്ങളോടുള്ള രഹസ്യം പങ്കിട്ടത് ഈ ശിഷ്യ സമൂഹത്തോടാണ്.

യോഹന്നാന്റെ സുവിശേഷം രചിക്കപ്പെട്ടത് എ.ഡി 90-നും ശേഷമുള്ള കാലത്താണ്. അതിന്റെ രചയിതാവിനെക്കുറിച്ച് നൽകുന്ന അറിവുകൾ ഒരു ദൃക്സാക്ഷിയുടെ, യോഹന്നാൻ സമൂഹത്തിന്റെ, യേശുവിന്റെ പ്രിയ ശിഷ്യനായ യോഹന്നാൻ എന്നിവരെച്ചേർത്തു കൊണ്ടാണ്. നാം ജീവിക്കുന്ന കാലഘട്ടത്തെ അടയാളപ്പെടുത്തുന്ന മൂന്ന് വാക്കുകൾ, വെറുപ്പുകാലം, പ്രത്യാശയില്ലാത്ത കാലം, ഹൃദയ വിചാരങ്ങൾക്ക് കൈമോശം വന്നിരിക്കുന്ന കാലം. ഈ കാലഘട്ടത്തെ മറികടക്കുവാൻ പ്രേരിപ്പിക്കുന്ന, സഹായിക്കുന്ന ഒരു സംഭാഷണം യേശു നടത്തുന്നത് ശമര്യ സ്ത്രീയുമായിട്ടാണ്. ഇത് സമ്പർക്കത്തിന്റെ സംഭാഷണമാണ്. ശമര്യ സ്ത്രീയുമായിട്ടുള്ള സംഭാഷണത്തിൽ യേശു സംവാദത്തിലേക്ക് പ്രവേശിക്കുന്നത് അഞ്ച് വാതിലുകളിലൂടെയാണ്.

കിണർ, സ്ത്രീ, വെള്ളം, ആരാധന, സാക്ഷ്യം. ഈ സംഭാഷണം ആരംഭിക്കുന്നത് സ്ത്രീയുടെ ഇടത്തിൽ നിന്നാണ്. സംവാദം നടത്തുവാൻ തുനിയുന്നത് യേശുവാണ്. ശമര്യപട്ടണം തന്റെ സഞ്ചാര പാതയിൽ ഉൾപ്പെടുത്തിയ യേശു ബോധപൂർവ്വം വഴിമാറി സഞ്ചരിച്ചു. ഈ സഞ്ചാരം തള്ളപ്പെട്ടതും, അടിച്ചമർത്തപ്പെട്ടതുമായ ശമര്യ സമൂഹത്തിന് ദിശാബോധം നൽകുവാനുള്ള യാത്രയായിരുന്നു.

ചരിത്ര പ്രാധാന്യമുള്ള ഒരു ഇടമാണ് യേശു തിരഞ്ഞെടുത്തത്. വംശ ശുദ്ധിയില്ലാത്ത ശമര്യരെ യേശു തിരഞ്ഞെടുത്തു. ശമര്യ സ്ത്രീയുമായി യേശു സംവാദത്തിൽ ഏർപ്പെടുന്ന സമയം യഹൂദന്റെ ആറാം മണി സമയമാണ്. ദഹന യാഗത്തിനുള്ള ക്രമീകരണ സമയത്ത്, യേശു സ്ത്രീയുമായി സംവാദത്തിൽ ഏർപ്പെടുന്നതിലൂടെ ഈ സംവാദം ഒരു പ്രാർത്ഥനാ നിർഭരമായ സംവാദമായി തീരുന്നു. മനുഷ്യന്റെ ആവശ്യത്തെ സംബോധന ചെയ്തു കൊണ്ടാണ് സംവാദം ആരംഭിക്കുന്നത്.

സംവാദത്തിന്റെ ദൈവനിയോഗം നാം പുതിയ സമ്പർക്കത്തിന്റെ തുടക്കക്കാരാകണമെന്നതാണ്.

ദൈവസാദൃശ്യത്തെ സ്ത്രീക്ക് ബോധ്യപ്പെടുത്തിയ സംസർഗ്ഗം. നമ്മുടെ മേലെഴുത്ത് എന്താണ്. യേശുവിന്റെ സംവാദം ശമര്യ സ്ത്രീക്ക് അധമ ബോധത്തിൽ നിന്നും ആത്മബോധത്തെ നൽകി. പുതിയ കരുത്ത് നൽകിയ സംഭാഷണത്തിൽ ഏർപ്പെട്ടതിലൂടെ തന്റെ ശരീരത്തെക്കുറിച്ചുള്ള ബോദ്ധ്യവും ബലവും പ്രാപിക്കുന്നു.

ചരിത്രബോധത്തെ രൂപപ്പെടുത്തിയ സംവാദം

സ്വയം ശക്തിപ്പെട്ടതിലൂടെ ശമര്യ സ്ത്രീക്ക് രൂപാന്തരം സംഭവിക്കുന്നു. അത് അവൾക്ക് നൽകിയത് ചരിത്രബോധത്തെയാണ്. തന്റെ ചരിത്രത്തെ ക്രിസ്തുവുമായിട്ടുള്ള സംവാദത്തിലൂടെ തിരിച്ച് പിടിക്കുമ്പോൾ ആ ചരിത്രത്തിൽ അവൾ തന്നെ അടയാളപ്പെടുത്തുന്നു.

സമൃദ്ധമായ ജീവനെ രൂപപ്പെടുത്തിയ സംവാദം

ശമര്യ സ്ത്രീ തന്റെ ചരിത്രത്തെയും പൈതൃകത്തെയും ഉരുവിടുന്നുവെങ്കിലും ക്രിസ്തുവുമായി സംവാദത്തിൽ ഏർപ്പെട്ടപ്പോൾ അവൾ വീണ്ടെടുപ്പിന്റെ അനുഭവത്തിലെത്തുന്നു. ഈ വീണ്ടെടുപ്പിന്റെ അനുഭവത്തെക്കുറിച്ചുള്ള ഭാവം നമ്മിലും ഉണ്ടാകേണ്ടിയിരിക്കുന്നു. ശമര്യരുടെ ചരിത്രം പഴയ നിയമത്തിൽ കാണുവാൻ സാധിക്കും. അഞ്ചു വിഭാഗം ജനം വന്നു താമസിച്ച ഇടമാണ് ശമര്യ. ആയതിനാൽ വിശ്വാസം അവിടെ വിനിമയം ചെയ്യപ്പെട്ടു. ഇത് നമുക്ക് മുന്നിൽ വെയ്ക്കുന്ന ദർശനം സഭ തുറന്നിട്ട വാതിൽ ആകണമെന്നാണ്. അടഞ്ഞ കൂട്ടമാകരുത് സഭ.

സത്യ ആരാധനയെ ബോദ്ധ്യപ്പെടുത്തിയ സംവാദം

സത്യത്തിലും ആത്മാവിലുമുള്ള ആരാധന യെരുശലേമിലുള്ള ഗെരസീമിലും അല്ല. ആരാധനയുടെ മറ്റൊരു ഇടം കൂടിയാണ് കാൽവറി. സംവാദം രൂപപ്പെടുത്തുന്ന സവിശേഷതകൾ പ്രധാനമാണ്. ശമര്യ സ്ത്രീ ക്രിസ്തുവിന്റെ സംവാദത്തിലൂടെ എത്തുന്നത് സാക്ഷ്യ അനുഭവത്തിലേക്കാണ്.

*തയ്യാറാക്കിയത് :*
*റിജോ എബ്രഹാം ചെറിയാൻ &*
*ക്രിസ്റ്റി കെ സന്തോഷ്*
*(മാർത്തോമ്മ വൈദീക സെമിനാരി)*

സായാഹ്ന യോഗം

# അനുരഞ്ജനം : ക്രിസ്തു ഭാവത്തിലൂടെ പരിണമിക്കുന്ന ക്രിസ്തു ശൈലി - ധിലൊരാജ് കനഗസാബെ



*തിങ്കളാഴ്ചത്തെ സായാഹ്ന യോഗത്തിൽ റൈറ്റ്.റവ.ധിലൊരാജ് കനഗസാബെ പ്രസംഗിക്കുന്നു.*

മതമെന്ന തലത്തിൽ നിന്നും മാറി ക്രിസ്തുവിന്റെ മാർഗ്ഗം മനസ്സിലാക്കുമ്പോൾ ദൈവവും മനുഷ്യനും സകല സൃഷ്ടിയുമായിട്ടുള്ള ബന്ധത്തിൽ ഉറയ്ക്കുന്നതാണ് ആത്മീയത. പരിശുദ്ധാത്മാവ് ആത്മീയതയെ മുന്നോട്ട് നയിക്കുന്നു. ഈ ബന്ധം സൂക്ഷിച്ചില്ലെങ്കിൽ നാം ദൈവം നൽകിയ രക്ഷയെ ഉപേക്ഷിക്കുകയാണ്. രക്ഷയുടെ പരിപൂർണ്ണത രക്ഷകനെ കണ്ടെത്തുന്നതിനാണ് ശിഷ്യ സമൂഹത്തെ വിളിച്ചത്. സകലസൃഷ്ടിയും ദൈവത്തിന്റെ സ്വരൂപം ദർശിക്കുന്ന വിധം വികസിച്ച ദർശനം നമുക്ക് കൈവരണം. ദൈവം തന്റെ പുത്രനെ നൽകിയതിലൂടെ അനുരഞ്ജനത്തിന്റെ ശുശ്രൂഷ നമ്മെ ഭരമേൽപ്പിച്ചിരിക്കുന്നു. ക്രിസ്തു കേന്ദ്രീകൃത ജീവിത ശൈലി നമുക്ക് ഉണ്ടാകണം. തന്റെ തിരിച്ചറിവും ബോദ്ധ്യവും നാൽപ്പതു നാൾ ഉപവസിച്ച ശേഷം നേരിട്ട പരീക്ഷയിൽ തുടർന്ന് കാൽവറി അനുഭവത്തിലേക്കും എത്തിക്കുന്നു.

സാക്ഷാൽ ദൈവപുത്രനെന്ന ബോധം ക്രിസ്തു സ്ഥാപനം മുതൽക്ക് തന്റെ ക്രൂശീകരണം വരെയും മുറുകെ പിടിച്ചു. ഇത് ശതാധിപൻ സാക്ഷിച്ചു. നീ എവിടെയെന്ന ചോദ്യം ദൈവവുമായിട്ടുള്ള ബന്ധത്തിലെ വിള്ളലിന്റെ ഉദാഹരണമാണ്. മനുഷ്യൻ ദൈവത്തെ പോലെയാകുക എന്ന ബോധം നമ്മെ സൃഷ്ടിയിൽ നിന്നും അകറ്റുന്നു. നിന്റെ സഹോദരൻ എവിടെയെന്ന ചോദ്യം ഇതിനോട് ചേർത്ത് വായിക്കണം.

ഇത് ദൈവം ദുഃഖിക്കുന്ന വേളയാണ്. കയിനെ ശപിക്കുന്നുവെങ്കിലും ദൈവമാരെയും വെറുക്കുന്നുമില്ല, ശപിക്കുന്നുമില്ല. നാം സ്വയം നമ്മുടെ മേൽ ശാപം വരുത്തിവെയ്ക്കുന്നു. പാപബോധമില്ലാത്ത പ്രതിരോധങ്ങളിൽ ഏർപ്പെടുമ്പോൾ അത് തകർത്ത ജീവിതങ്ങളെ ശാപഗ്രസ്ഥമായതിനെ തിരികെ പിടിക്കാൻ ദൈവം ഇടപെടുന്നു.

തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവനെ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ലോകത്തിൽ എല്ലായിടത്തുമുള്ള ക്രമരാഹിത്യവും സംഘർഷവും പരിഹരിക്കാൻ ദൈവം കണ്ടെത്തിയ മാർഗ്ഗമാണ് ക്രിസ്തു. ബന്ധങ്ങളെ നശിപ്പിക്കുന്ന വിലാപമാണ് ക്രൂശിൽ തൂക്കപ്പെട്ട ക്രിസ്തു. നിരപ്പിന്റെ അനുഭവമാണ് ക്രൂശിൽ കാണുന്നത്. ലഭിക്കാത്ത പാപക്ഷമയാണ് മനുഷ്യന്റെ വലിയ വേദന. നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിക്കാതിരുന്നാൽ ദൈവം നിങ്ങളുടെ പിഴവുകളെയും ക്ഷമിക്കില്ല. ക്രൂശിൽ ദർശിച്ച പാപക്ഷമ തിരിച്ചറിയുന്നിടത്ത് ക്രൈസ്തവ ജീവിതവും ക്രൂശും തമ്മിലുള്ള ബന്ധം നിരപ്പിന്റേതാണെന്ന് വ്യക്തമാക്കും. പാപക്ഷമ ലഭിച്ചുവെന്ന ബോദ്ധ്യം നമ്മെ ദൗത്യത്തിലേക്ക് എത്തിക്കും. ക്രൂശ് നമ്മുടെ മേലുള്ള ദൈവത്തിന്റെ ആധിപത്യമാണ്. നിരപ്പ്, അനുരഞ്ജനം, എന്നിവ രക്ഷാ നിർണ്ണയത്തിന്റെ ഭാഗമാണ്. ശത്രുക്കളായിരിക്കുമ്പോൾ തന്നെ നമുക്ക് പുത്രന്റെ മരണത്താൽ ദൈവത്തോട് നിരപ്പ് വന്നു. എങ്കിൽ നിരന്ന ശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും. അത്രയുമല്ല, നമുക്ക് ഇപ്പോൾ നിരപ്പ് ലഭിച്ചതിന് കാരണമായ നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നാം ദൈവത്തിൽ പ്രശംസിക്കുകയും ചെയ്യുന്നു. വിശുദ്ധ കുർബ്ബാനയിൽ നാം പങ്കെടുക്കുമ്പോൾ നാം ആരാണ്, ആർക്കുള്ളതാണ് എന്നതിനെ തിരിച്ചറിയുകയാണ്.


ഞാൻ ജീവന്റെ അപ്പമെന്ന് പറഞ്ഞ കർത്താവ് അപ്പത്തിൽ തൊടുന്നത്, തകർക്കപ്പെട്ട നമ്മുടെ ജീവിതങ്ങളിൽ അവന്റെ ഇടപെടലുകൾ സംഭവിക്കുന്നുവെന്നതിനെ സൂചിപ്പിക്കുന്നു. അവൻ അപ്പം ഉയർത്തിയതിലൂടെ അവനിലേക്ക്, അവന്റെ പാദങ്ങളിലേക്ക് നമ്മെ തന്നെ കൊണ്ടെത്തിക്കണമെന്ന് വ്യക്തമാക്കുന്നു.

തകർന്ന ജീവിതവും ദൈവവുമായിട്ടുള്ള അനുരഞ്ജനത്തിൽ യഥാസ്ഥാനപ്പെടുത്തണം. ദൈവത്തിന്റെ ആർദ്രതയും കരുണയും നാം നിത്യജീവന്റെ അനുഭവത്തിലായിത്തീരണമെന്നതിന്റെ തെളിവാണ്. രക്ഷാനുഭവം സമ്പൂർണ്ണമാകണമെങ്കിൽ ക്രിസ്തുവിന്റെ കൃപാകരണമായ ഇടപെടലുകളിലേക്ക് നാം ഇറങ്ങിച്ചെല്ലണം. നമ്മുടെ പരിമിതികളെ തിരിച്ചറിഞ്ഞ പരിശുദ്ധാത്മാവിന്റെ ദിവ്യവെളിച്ചം ജീവിതത്തിലേക്ക് സ്വീകരിച്ച വേദനകളും അസ്വസ്ഥതകളും അതിജീവിച്ച് ക്രിസ്തുവിനോട് അനുരഞ്ജനപ്പെട്ട് ജീവിക്കാൻ സാധിക്കണം.



*കൺവൻഷൻ ഗായകസംഘം*

## ആദരാഞ്ജലികൾ



മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തിൽ ദീർഘകാലം സുവിശേഷകനും മാനേജിംഗ് കമ്മറ്റിയംഗവുമായിരുന്ന സുവിശേഷകൻ പി.എം.സ്കറിയ (80) കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. മാരാമൺ കൺവൻഷനിൽ പരിഭാഷ നിർവ്വഹിക്കുന്ന റവ.മാത്യു സ്കറിയയുടെ പിതാവാണ്. സംസ്കാര ശുശ്രൂഷ നാളെ ഉച്ചയ്ക്ക് രണ്ട് മണിക്ക് തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ. മാർത്തോമ്മാ സുവിശേഷപ്രസംഗസംഘത്തിന്റെയും മാരാമൺ കൺവൻഷന്റെയും അനുശോചനങ്ങൾ അറിയിക്കുന്നു.

## പാർക്കിംഗ് സൗകര്യങ്ങൾ

കിഴക്കേടത്ത് പുരയിടത്തിൽ സഭാവക പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗും ലഭ്യമാണ്.

## മദ്ധ്യസ്ഥ പ്രാർത്ഥന

മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കുള്ള വിഷയങ്ങൾ വ്യാഴാഴ്ച വരെ, സ്റ്റേജിനു പിന്നിൽ പ്രവർത്തിക്കുന്ന സുവിശേഷ പ്രസംഗസംഘം ഓഫീസിൽ നൽകാവുന്നതാണ്.

കൗൺസിലിംഗ് ശുശ്രൂഷ താല്പര്യപ്പെടുന്നവർക്ക് അതിനുള്ള സൗകര്യം കൗൺസിലിംഗ് ഷെഡ്ഡിൽ ക്രമീകരിച്ചിട്ടുണ്ട്.

## സ്തോത്രകാഴ്ചകളും സംഭാവനകളും

കൺവൻഷനിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് സ്തോത്രകാഴ്ചയും സുവിശേഷവേലയ്ക്കായുള്ള സംഭാവനയും നൽകുന്നതിനുള്ള ബാങ്ക് ഡീറ്റെയിൽസ് കൺവൻഷൻ തത്സമയം ടെലികാസ്റ്റ് ചെയ്യുന്ന മാധ്യമങ്ങളിൽ കൂടെ ലഭിക്കുന്നതാണ്. ഓൺലൈനായി പണമടയ്ക്കുന്നവർ പേമെന്റ് ഗേറ്റ്വേ സംവിധാനത്തിലൂടെയും ക്യു ആർ കോഡ് സ്കാൻ ചെയ്തും സ്തോത്രകാഴ്ചയിൽ പങ്കുചേരാം.

## കുടിവെള്ളം

മണൽപ്പുറത്ത് ക്രമീകരിച്ചിരിക്കുന്ന വാട്ടർ കിയോസ്കുകളിൽ ചൂടുവെള്ളവും തണുത്ത വെള്ളവും സാധാരണ കുടിവെള്ളവും ലഭ്യമാണ്. കുടിവെള്ളം അമൂല്യമായി കരുതി ദാഹശമനത്തിന് മാത്രം ഉപയോഗിക്കണം. മറ്റാവശ്യങ്ങൾക്ക് മണൽപ്പുറത്ത് ക്രമീകരിച്ചിരിക്കുന്ന സാധാരണ ടാപ്പുകളിൽ നിന്ന് വെള്ളം ശേഖരിക്കാവുന്നതാണ്.



കുടുംബവേദി മീറ്റിംഗ്

# പുനഃവായിക്കപ്പെടേണ്ട കുടുംബ രൂപീകരണ ശൈലികൾ

### ജോർജ്ജ് ബഹനാൻ മാവേലിക്കര

ഒരു കുടുംബത്തിൽ കുട്ടികൾക്കുള്ള സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. ഇന്ന് നാം കാണുന്ന എല്ലാ പ്രശ്നങ്ങളും എത്തിനിൽക്കുന്നത് കുട്ടികളുടെ സ്വഭാവരൂപീകരണത്തിലെ ചില പോരായ്മകളിലേക്കാണ്. ആ പ്രശ്നങ്ങളെല്ലാം ഇന്നത്തെ പഠനത്തിന്റെ വെളിച്ചത്തിലെത്തി നിൽക്കുന്നത് കുടുംബത്തിലാണ്. ഒരു കുട്ടിയെ രൂപപ്പെടുത്തുന്നതിൽ കുടുംബം വഹിക്കുന്ന പങ്ക് ആധികാരികമായ മാറ്റങ്ങൾ കുട്ടിയുടെ ജീവിതത്തിൽ വരുത്തും. അപ്രകാരം ചെയ്യേണ്ടുന്നതായ, പഠിപ്പിക്കേണ്ടതായ കാര്യങ്ങൾ അനവധിയാണ്. ഒരു കുട്ടിയുടെ ജീവിതം ആരംഭിക്കുന്ന ഒരു വയസ്സു വരെയുള്ള പ്രായം വളരെ വിലപ്പെട്ടതാണ്. ഗർഭസ്ഥാവസ്ഥയിൽ ആയിരിക്കുന്ന കുഞ്ഞിന് മാതാപിതാക്കൾ ചെലുത്തുന്നതായ സ്വാധീനം ആ കുഞ്ഞിനെ രൂപീകരിക്കുന്നതാണ്. വിവാഹം, ഗർഭധാരണം, ലൈംഗീക ബന്ധം, ഇവയെല്ലാം ദൈവീക മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കേണ്ടതാണ്.

ഒന്നു മുതൽ ഏഴ് വയസ്സു വരെയുള്ള സമയം വ്യക്തിത്വ വികസനം നടത്തേണ്ടുന്ന കാലമാണ്. എഴുത്ത് വായന എന്നിവ മാത്രമല്ല, പഠനം, വായന, വര, വർണ്ണം, ഇവ മൂന്നും രൂപീകരണത്തിന് ആവശ്യം. അതായത്, നേതൃത്വ പാടവം, ഉത്തരവാദിത്വ ബോധം എന്നിവയൊക്കെ രൂപപ്പെടുന്നു.

ഈ കാലഘട്ടത്തിൽ ഒന്നു മുതൽ ഏഴു വരെ വയസ്സുള്ള കുട്ടികൾ ഏർപ്പെടുന്ന പ്രവർത്തനങ്ങളെ ആശ്രയിച്ചാണ് വിശ്വാസത്തിൽ കുട്ടികളെ വളർത്തിയെടുക്കേണ്ടത് ഈ പ്രായത്തിലാണ്. സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ വലിയ ഉത്തരവാദ്വമായി കാണേണ്ടത് അനിവാര്യമാണ്. കുടുംബം ഒരു ടീമായി പ്രവർത്തിക്കണം. മാതാപിതാക്കൾ മാതൃകകളാകണം. കുട്ടികൾ അഭിനന്ദനം ആഗ്രഹിക്കുന്നവരാണ്. അഭിനന്ദനങ്ങൾ കുട്ടികൾ അംഗീകരിക്കുന്നുവെന്ന യാഥാർത്ഥ്യം മനസ്സിലാക്കുവാൻ സഹായിക്കുന്നു. അഭിനന്ദനങ്ങൾ അറിയിക്കുവാൻ ഉതകുന്ന വാക്കുകൾ മാതാപിതാക്കൾ വികസിപ്പിക്കണം. മാതാപിതാക്കൾ കുട്ടികളുടെ അഭിരുചി മനസ്സിലാക്കുന്നതിലൂടെ അവരിൽ ലക്ഷ്യബോധത്തെ ശക്തിപ്പെടുത്തുവാൻ സാധിക്കുന്നു. അഭിരുചികൾ മനസ്സിലാക്കാതെ മാതാപിതാക്കൾ കുട്ടികളിൽ ഇടപെടുന്നത് അവർക്ക് മാനസികമായ പ്രതിസന്ധികൾ രൂപപ്പെടുവാൻ കാരണമാകും. കുട്ടികളിൽ നല്ല ശീലം വളർത്തുവാൻ കഴിയുന്ന പ്രായം ഒന്നു മുതൽ പതിന്നാലു വരെയാണ്.

ഉയർന്ന ചിന്താഗതിയിൽ സാമൂഹിക നന്മക്ക് അധിഷ്ഠിതമായ രീതികൾ രൂപപ്പെടേണ്ട കുട്ടികളെ വളർത്തിയെടുക്കുന്നതിന് വേണ്ടി മാതാപിതാക്കൾ അവരുടെ കാഴ്ചപ്പാടുകളെ ദൈവീകമായി, വികകസിതമായി രൂപപ്പെടുത്തേണ്ടത് അനിവാര്യമാണ്.

*തയ്യാറാക്കിയത് : ലിബിൻ പൊന്നച്ചൻ & കെവിൻ കെ മാത്യു*
*(മാർത്തോമ്മ വൈദീക സെമിനാരി)*

# കുട്ടിപ്പന്തലിലൂടെ...........





